ഉത്തരം

(എ & ബി) വനം വകുപ്പിന്റെ സ്റ്റേ ഉത്തരവുള്ളതുകൊണ്ടാണ് പണി സ്തംഭിച്ചിരിക്കുന്നത്. വനം വകുപ്പിന്റെ പിരിധിയിൽ വരാത്ത ഭാഗത്തെ പണികൾ നടക്കുന്നുണ്ട്.

(സി) കരാർ അടങ്കൽ തുക 4,06,15,862 രൂപയാണ്. കരാറുകാരന് പണി തീർത്ത വകയിൽ 2,06,65,210 രൂപ നൽകിയിട്ടുണ്ട്.

(ഡി) 23-02-2001 -ൽ പണി ടെണ്ടർ ചെയ്തു. ജനങ്ങൾ തിങ്ങിപാർക്കുന്ന പ്രദേശമായ പന്നിമറ്റത്തുനിന്നും കളമാവിലേക്ക് നിലവിലുള്ള റോഡിന്റെ പുനരുദ്ധാരണ ജോലികളാണ് ഏറ്റെടുത്തിരുന്നത്. അതിന് ബന്ധപ്പെട്ട പഞ്ചായത്തുകളുടെ സമ്മതപത്രം ലഭിച്ചിരുന്നതിനാൽ വനം വകുപ്പിന്റെയും ഇലക്ട്രിസ്റ്റി ബോർഡിന്റെയും അനുമതി തേടിയിരുന്നില്ല.

ജംഗ്ഷനുകളിൽ സ്ഥലസൂചികകൾ സ്ഥാപിക്കാൻ നടപടി

62(4342) ശ്രീ. ഉമേഷ് ചള്ളിയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ദേശീയ പാതകളിലും സ്റ്റേറ്റ് ഹൈവേകളിലും പ്രധാനപ്പെട്ട ജംഗ്ഷനുകളിൽ സ്ഥലസൂചികകൾ സ്ഥാപിക്കുന്നതിന് പൂർണ്ണമായും നടപ്പാക്കിയിട്ടില്ലെന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ സർക്കാരിന് വരുമാനം ലഭിക്കുന്ന തരത്തിലും യാത്രക്കാർക്ക് ഉപയോഗപ്രദമാകുന്ന രീതിയിലും സ്വകാര്യ പങ്കാളിത്തത്തോടെ സ്ഥലസൂചികകൾ സ്ഥാപിക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) & ബി) ബി.ഒ.ടി. വ്യവസ്ഥ പ്രകാരം ഏതാനും സ്ഥല സൂചികകൾ പ്രധാനപ്പെട്ട ജംഗ്ഷനുകളിൽ സ്ഥാപിച്ചിട്ടുണ്ട്. സർക്കാരിന് വരുമാനം ലഭിക്കുന്ന തരത്തിലും യാത്രക്കാർക്ക് ഉപയോഗപ്രദമാകുന്ന രീതിയിലും സ്വകാര്യ പങ്കാളിത്തത്തോടെ സ്ഥല സൂചികകൾ സ്ഥാപിക്കുവാൻ നടപടികൾ കൈക്കൊള്ളാവുന്നതാണ്.

ഇടുക്കി ജില്ലയിലെ ചെമ്പകപ്പാറ, മേലേചിന്നാർ റോഡ്

63 (4343) ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇടുക്കി ജില്ലയിലെ ചെമ്പകപ്പാറ, മേലേചിന്നാർ റോഡ് എന്നാണ് ടെണ്ടർ ചെയ്തത് എന്നും അടങ്കൽ തുക എത്രയാണ് എന്നും ആരാണ് കരാറുകാരൻ എന്നും എത്ര ശതമാനം പണി പൂർത്തിയാക്കി എന്നും ബാക്കി പണി എന്ന് തീർക്കുമെന്നും വ്യക്തമാക്കുമോ :

(ബി) കാലാവധി എന്നാണ് എന്ന് വെളിപ്പെടുത്തുമോ :

LIBRARY ARCHIVES Kerala Legislative Assembly

(സി) പണി നടന്നുവന്ന റോഡിന്റെ സൈഡുകെട്ട് ഇടിഞ്ഞുവീണതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദവിവരം വെളിപ്പെടുത്തുമോ ;

(ഡി) പ്രസ്തുത കരാറുകാരന് ഇതുവരെ എത്ര തുക നൽകി എന്ന് വ്യക്തമാക്കാമോ ;

(ഇ) ഏതെങ്കിലും ഘട്ടത്തിൽ കരാറുകാരന് തുക കൂട്ടി നൽകിയിട്ടുണ്ടോ ; വിശദവിവരം വെളിപ്പെടുത്തുമോ ;

(എഫ്) മുഴുവൻ പണികളും എത്ര നാളിനുള്ളിൽ തീർക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ചെമ്പകപ്പാറ–മേലേ ചിന്നാര റോഡിന്റെ ഒന്നും മൂന്നും റീച്ചുകളുടെ പണി പൂർത്തിയായിട്ടുണ്ട്. രണ്ടാം റീച്ചിന്റെ കരാറുകാരൻ ശ്രീ. കെ. ജെ. പൗലോസ് ആണ്. ഇതിന്റെ അടങ്കൽ തുക 3,39,74,372 രൂപയാണ്. പണികൾ 60% പൂർത്തിയായി. ബാക്കി പണികൾ 31-5-2004 -നകം പൂർത്തിയാകും. ഈ പണി ടെണ്ടർ ചെയ്തത് 19-11-2000 -നാണ്.

(ബി) പണിയുടെ കാലാവധി 1-6-2003 വരെയായിരുന്നു. 3-12-2003 വരെ നീട്ടിക്കിട്ടുന്നതിന് കരാറുകാരൻ അപേക്ഷ നൽകിയിട്ടുണ്ട്.

(സി) ഇല്ല.

(ഡി) ഇതുവരെ കരാറുകാരന് പണി ചെയ്ത വകയിൽ തുക നൽകിയിട്ടില്ല.

(ഇ) പഴയ എസ്റ്റിമേറ്റിന്റെ 23.27% കൂടുതലായി റിവൈസ്ഡ് എസ്റ്റിമേറ്റിന് അനുമതി നൽകിയിട്ടുണ്ട്.

(എഫ്) 31-5-2004 -നകം പണി പൂർത്തിയാക്കുന്നതാണ്.

കുറ്റിച്ചിറ റോഡിലെ വെള്ളക്കെട്ടുമാറ്റാനുള്ള നടപടി

64 (4344) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യത്തിന് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കൊല്ലം ജില്ലയിൽ കൊറ്റങ്കര പഞ്ചായത്ത് ആസ്ഥാന മന്ദിരം സ്ഥിതി ചെയ്യുന്ന കുറ്റിച്ചിറ ജംഗ്ഷനിലെ പി. ഡബ്ല്യു. ഡി. റോഡിലെ വെള്ളക്കെട്ടു മാറ്റാൻ, റോഡുയർത്തി, ഓടയുടെ പൊട്ടിപ്പൊളിഞ്ഞ കവറിംഗ് സ്ലാബുകൾ മാറ്റി സ്ഥാപിക്കാൻ നടപടി കൈക്കൊള്ളുമോ ?

ഉത്തരം

നടപടി സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly